പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1842 06.07.2015-ൽ മറുപടിക്ക്.

## റാന്നി പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) റാന്നി പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി എത്ര തുകയാണ് അനുവദിച്ചത്; ഏതു വർഷം; എന്തൊക്കെ സൗകര്യങ്ങളാണ് പുതിയ കെട്ടിടത്തിൽ ഉണ്ടാവുക; നിർമ്മാണ ചുമതല ആർക്കായിരുന്നു; എന്നാണ് നിർമ്മാണം ആരംഭിച്ചത്; വിശദമാക്കുമോ; | : (എ) 2012-ൽ 71 ലക്ഷം രൂപയാണ് റാന്നി പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചത്. റാന്നി പോലീസ് സ്റ്റേഷൻ, സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്, സന്ദർശക മുറി, ബി ടൈപ്പ് ഡോർമിറ്ററി, കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്റർ, വനിതാ സിവിൽ പോലീസ് ഓഫീസേഴ്സ് റെസ്റ്റ് റൂം, ടൂറിസ്റ്റ് എയ്ഡ് പോസ്റ്റ് എന്നിവയാണ് പുതിയ കെട്ടിടത്തിന്റെ സൗകര്യങ്ങൾ. കെ.പി.എച്ച്.സി.സി യ്ക്ക് നിർമ്മാണ ചുമതല നൽകിയിട്ടുള്ള പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം 2012-ലാണ് ആരംഭിച്ചത്. |
| (ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കണം എന്നായിരുന്നു കരാർ; നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര ശതമാനം നിർമ്മാണം പൂർത്തിയാക്കി; വ്യക്തമാക്കുമോ; | : (ബി) 10.01.2013-ൽ പൂർത്തിയാക്കാനാണ് കരാർ കാലാവധി. കരാറുകാരന് 11.03.2012 ന് വർക്ക് നൽകിയെങ്കിലും ടി കാലാവധിക്കുള്ളിൽ 66% പണികൾ മാത്രമേ ടിയാന് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളു. സമയപരിധി കഴിഞ്ഞിട്ടും പണി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റിസ്ക് & കോസ്റ്റ് വ്യവസ്ഥയിൽ വർക്കിന്റെ കരാർ റദ്ദ് ചെയ്ത് ശേഷിക്കുന്ന പണികൾ റീ ടെണ്ടർ ചെയ്ത് തോമസ് ഡൊമിനിക് എന്ന കരാറുകാരന് 25.02.2015-ൽ 6 മാസത്തെ കാലാവധിയിൽ നൽകിയിട്ടുണ്ട്. |
| (സി) നിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; നിർമ്മാണം പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | : (സി) മുൻ കരാറുകാരൻ വരുത്തിയ കാലതാമസമാണ് നിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം. ആയതിനാൽ ഇപ്പോഴത്തെ കരാറുകാരൻ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കാൻ വേണ്ട നടപടികൾ കെ.പി.എച്ച്.സി.സി സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ